**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ കണ്ടെത്തുന്നതിനായി നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടികയിലെ അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 2391/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 07.09.2018

---

പരാമർശം :- 6/7/2018-ലെ സ.ഉ. (എം.എസ്.)നം.241/2018/ധന.

**ഉത്തരവ്**

സംസ്ഥാനത്ത് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന 40,61,393 ഗുണഭോക്താക്കളിൽ അനർഹരായ പലരും ഉൾപ്പെട്ടിട്ടുണ്ടെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ **64,238** പേർ അനർഹരാണെന്ന് കണ്ടെത്തുകയും ഇവരുടെ പെൻഷൻ താൽക്കാലികമായി തടയുകയും ചെയ്തിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സേവന വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള ആക്ടീവായ പെൻഷൻ ഗുണഭോക്താക്കളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ പ്രകാരം അനർഹരായ ഗുണഭോക്താക്കളെയാണ് പെൻഷൻ വിതരണത്തിൽ നിന്ന് ഒഴിവാക്കിയത്. എന്നാൽ അനർഹരുടെ പട്ടിക തയ്യാറാക്കിയതിൽ അപാകതകൾ ഉണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വീണ്ടുമൊരു പരിശോധന കൂടി നടത്തി തടഞ്ഞുവയ്ക്കപ്പെട്ട 4617 പേർക്കുകൂടി പെൻഷൻ വിതരണം ചെയ്തു. നിലവിൽ 59621 പേരാണ് അനർഹരുടെ ലിസ്റ്റിൽ ഇനി അവശേഷിക്കുന്നത്.. പരാമർശ സർക്കാർ ഉത്തരവ് പ്രകാരം 1000 സി.സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള ടാക്സി ഒഴികെയുള്ള വാഹനങ്ങൾ (അംബാസഡർ കാറുകളെ ഒഴിവാക്കിയിട്ടുണ്ട്) സ്വന്തമായി ഉള്ളവർക്ക് സമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ല. അതിനാൽ മോട്ടോർ വാഹന വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് 1000 സി.സി.യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനങ്ങൾ സ്വന്തമായി ഉള്ളവരുടെയും മരണ രജിസ്ട്രേഷൻ ഡാറ്റായിൽ നിന്ന് മരണപ്പെട്ടവരുടെയും പേരും മേൽവിലാസവും നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ പേരും മേൽവിലാസവുമായി ഒത്തുനോക്കി പെരുത്തപ്പെടുന്നവരെ കണ്ടെത്തിയാണ് അനർഹരുടെ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.. എന്നാൽ നിരവധി ഗുണഭോക്താക്കൾ പ്രസ്തുത പട്ടികയിൽ തെറ്റായി ഉൾപ്പെട്ടു പോയിട്ടുണ്ടെന്ന് വീണ്ടും പരാതികൾ ഉയർന്നു വന്നിട്ടുണ്ട്.. ഈ സാഹചര്യത്തിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ തങ്ങളുടെ പരിധിക്കുള്ളിൽ വരുന്ന അനർഹരെന്ന് താൽക്കാലികമായി കണ്ടെത്തിയിട്ടുള്ളവരുടെ കാര്യത്തിൽ വീണ്ടും ഒരു പരിശോധന കൂടി നടത്തി ലിസ്റ്റ് അന്തിമമാക്കേണ്ടതുണ്ട്. . അർഹരായ ആരെങ്കിലും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് തടഞ്ഞുവച്ച പെൻഷൻ തുക എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്.

2. മേൽ സാഹചര്യത്തിൽ, സാമൂഹ്യ സുരക്ഷാ പെൻഷന് അനർഹരെന്ന് താൽകാലികമായി കണ്ടെത്തിയ 59621 പേരുടെ പട്ടികയിൽ തെറ്റായി ഉൾപ്പെട്ടുപോയവരെ കണ്ടെത്തി അവർക്ക് പെൻഷൻ പുന:സ്ഥാപിച്ച് നൽകുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും വകുപ്പ് തലത്തിലും താഴെ പറയുന്ന നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

i. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ഗുണഭോക്തക്കളിൽ മോട്ടാർ വാഹന വകുപ്പിന്റെയും മരണ രജിസ്ട്രേഷന്റെയും ഡാറ്റയുടെ അടിസ്ഥാനത്തിൽ 2018 ആഗസ്റ്റിലെ വിതരണത്തിൽ (2018 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള 4 മാസത്തെ പെൻഷൻ) പെൻഷൻ താൽക്കാലികമായി തടഞ്ഞിട്ടുള്ള ഗുണഭോക്താക്കളുടെ വിവരം പെൻഷൻ വെബ് സൈറ്റിലെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ലോഗിനിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം ലഭ്യമായിട്ടുള്ള ഓരോ ഗുണഭോക്താവിനെ സംബന്ധിച്ചുമുള്ള വിവരം ശരിയാണോ എന്നത് അന്വേഷണം നടത്തി പ്രസ്തുത പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, പഞ്ചായത്ത് ഡയറക്ടർക്ക് (ഡി.ബി.റ്റി.സെൽ) റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ii. മേൽപ്പറഞ്ഞ പ്രകാരം അന്വേഷണം നടത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകുന്നതിന് നഗരസഭകളിൽ / കോർപ്പറേഷനുകളിൽ റവന്യൂ ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, സീനിയർ ക്ലാർക്ക് തസ്തികയിലുള്ളവരെയും, ഗ്രാമ പഞ്ചായത്തുകളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ക്ലാർക്ക് തസ്തികയിലുള്ളവരെയും നിയോഗിക്കാവുന്നതാണ്.

iii. ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം മേൽ പറഞ്ഞപ്രകാരം അന്വേഷണം നടത്തി അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. തുടർന്ന് 5 ദിവസത്തിനുള്ളിൽ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി.സെൽ, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ലഭ്യമാക്കുന്ന ലിസ്റ്റ് ക്രോഡീകരിച്ച് അനർഹരുടെ പട്ടികയിൽ നിന്നും ഒഴിവാക്കി പെൻഷൻ പുനസ്ഥാപിച്ച് നൽകേണ്ടവരുടെ പട്ടിക തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ കോർപ്പറേ ഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധനകാര്യ (എസ്.എഫ്.സി.) വകുപ്പ്.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി (റൂറൽ) യുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.